# ആശങ്കകളുയർത്തി കൊടുങ്ങല്ലൂരിൽ ക്ലിങ്കർ ഫാക്ടറി

**കേരളീയം ന്യൂസ്സർവ്വീസ്**

തൃശ്ശൂർ: കൊടുങ്ങല്ലൂർ താലൂക്കിലെ അഴിക്കോട് ഗ്രാമത്തിൽ നിർമ്മാണം തുടങ്ങുന്ന ക്ലിങ്കർ ഫാക്ടറി ജനജാഗ്രത ആവശ്യപ്പെടുന്നു. സൗരാഷ്ട്ര സിമന്റ്സ് ലിമിറ്റഡിന്റെ ക്ലിങ്കർ ഫാക്ടറിയാണ് പൊടിപടലങ്ങളും മറ്റു പരിസ്ഥിതിപ്രശ്നങ്ങളും സൃഷ്ടിച്ച് പ്രദേശത്തെ സ്വൈരജീവിതം തകർത്തേക്കുമെന്ന ആശങ്ക ഉയർത്തുന്നത്.

സിമന്റ് നിർമ്മാണത്തിലെ അവസാനത്തേതും അനിവാര്യവുമായ ഘടകമായ ക്ലിങ്കർ നിർമ്മിക്കാനുദ്ദേശിക്കുന്ന ഈ ഫാക്ടറി പ്രതിവർഷം 600000 ടൺ ഉല്പാദനശേഷിയുള്ളതാണ്. സൗരാഷ്ട്ര സിമന്റ്സിന്റെ ഗുജറാത്തിലെ ഫാക്ടറിയിൽ നിന്നും കപ്പൽ മാർഗം ക്ലിങ്കർ കൊടുങ്ങല്ലൂരിലെത്തിച്ച് പൊടിക്കുകയാണ് ഫാക്ടറിയുടെ ലക്ഷ്യം.

ഇതിനോടനുബന്ധിച്ച് നിലവിലുള്ള മുനമ്പം തുറമുഖ വികസനവും ഉദ്ദേശിക്കുന്നുണ്ട്. 103 കോടിരൂപയാണ് പദ്ധതിക്കായി ചെലവിടുന്നത്. പദ്ധതി സൃഷ്ടിക്കാവുന്ന പരിസ്ഥിതി ആഘാതത്തെപ്പറ്റി തിരുവനന്തപുരത്തെ റീജ്യണൽ റിസർച്ച് ലാബോറട്ടറി പഠനറിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുറമുഖത്തിന്റെ 400 മീ.ചുറ്റളവിൽ പൊടിയുടെ അളവ് 46 മൈക്രോഗ്രാം എന്നതിൽ നിന്നും 115 മൈക്രോഗ്രാമിലേക്ക് മാറുമെന്നും സമുദ്രപരിസ്ഥിതിയെ ബാധിച്ചേക്കുമെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

അത് പരിഹരിക്കാനുള്ള മാർഗങ്ങൾ സ്വീകരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും അത് നടപ്പിലാകുമോ എന്നതാണ് ആശങ്ക. ഫാക്ടറി ഉയർത്തുന്ന പ്രശ്നങ്ങൾ അഴിക്കോട്ടെ രണ്ടു വാർഡുകളിൽ ഒതുങ്ങുമെന്നും കരുതാനാകില്ല. ജനസാന്ദ്രത നിറഞ്ഞ തൃശ്ശൂർ-എറണാകുളം ജില്ലകളിലെ പല പഞ്ചായത്തുകളും പൊടിപടലത്താൽ ആവൃതമാക്കാൻ ഇത് ഇടവരുത്തുമെന്ന് കരുതപ്പെടുന്നു. ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്കു പുറമേ കാർഷിക വിളകൾ, മത്സ്യസമ്പത്ത് എന്നിവക്ക് ഇത് എത്രത്തോളം ഭീഷണി ഉയർത്തുമെന്നും സഗൗരവം ആലോചിക്കേണ്ടതുണ്ട്.

93 പേർക്ക് തൊഴിൽ നല്കുന്നതാണ് ഫാക്ടറിയെന്നാണ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. അടിസ്ഥാനതൊഴിലവസരങ്ങളാകട്ടെ അമ്പതോളം പേർക്കു മാത്രമേ ലഭിക്കൂ. അതിൽ തന്നെ നാട്ടുകാരിൽ എത്രപേരെ പരിഗണിക്കുമെന്ന് കണ്ടുതന്നെ അറിയണം. നാട്ടിലെ തൊഴിലവസരം വർദ്ധിപ്പിക്കാൻ ഈ ഫാക്ടറി ഇടവരുത്തുമെന്ന് കരുതാനാകില്ലെന്ന് ഇത് വെളിപ്പെടുത്തുന്നു.

ഫാക്ടറി സൃഷ്ടിച്ചേക്കാവുന്ന ഭീഷണി ചർച്ചചെയ്യാൻ കക്ഷിരാഷ്ട്രീയത്തിനതീതമായി നാട്ടുകാർ സംഘടിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2 വാർഡുകൾ കേന്ദ്രീകരിച്ച് സംഘടിപ്പിച്ച പൊതുയോഗങ്ങളിൽ വൻജനപങ്കാളിത്തമുണ്ടായിരുന്നു. പ്രോജക്ട് റിപ്പോർട്ടും പരിസ്ഥിതി ആഘാത പത്രികയും പ്രദേശത്തെ മുഴുവൻ ഗ്രാമസഭകളിലും പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിലും വിദഗ്ധരുടേയും പരിസ്ഥിതി പ്രവർത്തകരുടേയും സാന്നിദ്ധ്യത്തിൽ വിശകലനത്തിന് വിധേയമാക്കാൻ തയ്യാറാകണമെന്നാണ് നാട്ടുകാരുടെ ആവശ്യം. സമരം രൂപപ്പെടുത്തുന്നതിന് ആക്ഷൻകൗൺസിലും പഠനഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. പ്രതിരോധത്തിന്റെ ഭാഗമായി ഒക്ടോബർ 4ന് വൈകീട്ട് 4.30 ന് കൊടുങ്ങല്ലൂർ ഒ.കെ.യോഗം ഹാളിൽ വിവിധ സംഘടനകളുടെ യോഗം ചേരുന്നുണ്ട്.

സൗരാഷ്ട്ര സിമന്റ്സ് ലിമിറ്റഡിന്റെ കൊടുങ്ങല്ലൂരിലെ പദ്ധതിയെ സംബന്ധിച്ച് പരിസ്ഥിതി സംബന്ധമായ കാര്യങ്ങളിൽ പൊതുജനങ്ങൾക്കുള്ള അഭിപ്രായങ്ങൾ അറിയിക്കുന്നതിന് ഒക്ടോബർ 24ന് രാവിലെ 11ന് തൃശ്ശൂർ കളക്ട്രറ്റിൽ പൊതുതെളിവെടുപ്പ് നടത്തുന്നു. ഇതു സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള അഭിപ്രായങ്ങൾ എസ്.സുധീർ ബാബു, എൻവയോൺമെന്റൽ എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, പട്ടം പി.ഒ, തിരുവനന്തപുരം 695 004 എന്ന വിലാസത്തിൽ അറിയിക്കണം.